കേരളീയം, കൊക്കാലെ, തൃശൂർ-680021
e-mail: mailkeraleeyam@gmail.com, 0487 2421385

# കിഴക്കിന്റേതായ ഒരു മതാതീത വിദ്യാഭ്യാസ പദ്ധതി

കഴിഞ്ഞലക്കം കേരളീയത്തിലെ ശശികലയുടെ പ്രസംഗത്തെക്കുറിച്ചുള്ള എസ്. നാരായണന്റെ ലേഖനം ചിന്തനീയമാണ്. പക്ഷെ ആ ചിന്ത കുറേക്കൂടി സന്തുലിതവും സമഗ്രവും ആവേണ്ടതാണ് എന്ന തോന്നലുള്ളതിനാൽ ചില കാര്യങ്ങൾ തുറന്നെഴുതുന്നു, കേവലം ഒരു കക്ഷി രാഷ്ട്രീയ പ്രസംഗം കൊണ്ട് മാറ്റിയെഴുതാവുന്നതല്ല ഓണത്തിന്റെ തലക്കുറി. സത്യത്തിൽ ശശികല പുതിയതായി എന്താണ് പറഞ്ഞിട്ടുള്ളത്. എല്ലാ 'സുഭാഷിത'ങ്ങളും പണ്ടുതൊട്ടേ പറഞ്ഞുവരുന്നത് ഇങ്ങനെത്തന്നെയാണ്. അതായത് മഹാവിഷ്ണു വാമനാവതാരമെടുത്ത് മഹാബലിക്ക് 'മോക്ഷം' നൽകി എന്ന്. അത് ദൈവത്തെ എമ്പാടും ന്യായീകരിക്കുന്ന-സ്തുതിക്കുന്ന സാമ്പ്രദായിക ഭക്തിയുടെ ഒരു സാമാന്യ ശൈലിയാണ്. (അതുകൊണ്ടുമാത്രം ഓണത്തിനും മാവേലിക്കും ഇക്കാലമത്രയും ഒരു ക്ഷതവും പറ്റിയിട്ടില്ല എന്നത് വേറെ കാര്യം). ഒരു തെരുവ് രാഷ്ട്രീയ പ്രസംഗത്തിൽ കേട്ടപ്പോഴാണ് അത് ചൊരുക്കുളവാക്കുന്നതായി ചിലർക്ക് തോന്നിയത്. ഇങ്ങനെ കൊണ്ടാടാൻ മാത്രം എന്ത് ഗൗരവമാണ് ഇത്തരം വഴിയോര പ്രസംഗങ്ങൾക്കുള്ളത്? ഇക്കാലത്ത് നമ്മൾ ശരിക്കും ആകുലപ്പെടേണ്ടത് ഓണത്തിലെ ദേവാസുര കല്പനകളെക്കുറിച്ചുള്ള ഇത്തരം പ്രസംഗങ്ങളെക്കുറിച്ചോർത്തല്ല. മറിച്ച്, ഓണമെന്ന നന്മയുടെ എല്ലാ മഹാബലികളേയും കമ്പോള പാതളത്തിലേക്ക് ചവുട്ടിത്താഴ്ത്തുന്ന കച്ചവട വാമനന്മാരെക്കുറിച്ചാണ്. ജനങ്ങൾ പൂക്കളം തീർക്കുന്നതും തൃക്കാക്കരയപ്പനെ വയ്ക്കുന്നതും ഗ്രന്ഥം നോക്കിയിട്ടല്ല. ഹൃദയം കൊണ്ട്, സ്നേഹം കൊണ്ട് മണ്ണിനെ ആരാധിക്കലാണത്. ഇക്കാലത്തും മുടങ്ങാതെ വീട്ടുമുറ്റത്ത് (തൊടിയിലെ പൂക്കളാൽ) പൂക്കളം തീർക്കുകയും വളപ്പിലെ മണ്ണുകുഴച്ചുകൂട്ടി (മാവേലിയെ വിലയ്ക്കു വാങ്ങാതെ) തൃക്കാക്കരയപ്പനെ വയ്ക്കാറുമുണ്ട്. കുട്ടികൾക്കത് സന്തോഷമാണ്. അവർക്ക് പറഞ്ഞുകൊടുക്കാറുള്ളത് അസുരന്റെ ദുഷ്ടതയോ ദൈവത്തിന്റെ മഹത്വമോ അല്ല. മണ്ണിന്റെ മഹത്വത്തെക്കുറിച്ചാണ്. അതിൽ ജീവിതം വിളയിക്കുന്നവരെക്കുറിച്ചാണ്. ആ മണ്ണ് പൂജനീയമാണെന്നാണ്. ഗ്രന്ഥങ്ങളെ കണ്ണടച്ച് സ്വീകരിക്കുന്നതും കണ്ണടച്ച് തള്ളിക്കളയുന്നതും തുല്യ മണ്ടത്തരങ്ങളാണ്. നിർഭാഗ്യത്തിന് ഇക്കാലം വരെ നടന്നത് ഇതു രണ്ടും മാത്രമാണ്. ഈ രാജ്യത്തെ ഗ്രസിച്ച സകല കുരുത്തക്കേടുകൾക്കും കാരണം ഈ രണ്ട് സമീപനങ്ങളാണ്. രണ്ടും ഒരുപോലെ പിന്തിരിപ്പനാണ്.

സംസ്കൃതം എന്ന് കേൾക്കുന്ന മാത്രയിൽ കണ്ണടച്ച് കൈ കൂപ്പുന്ന ഒരു കൂട്ടർ. അവർക്ക് അർത്ഥമൊന്നും തിരയേണ്ടതില്ല. പാദപ്രമാണം മാത്രം. മറ്റൊരുവശത്ത് സംസ്കൃതത്തെ അവഹേളിച്ചാലേ 'പുരോഗമനമാകൂ' എന്ന് കരുതുന്ന പുരോഗമനകാരികളുടെ എണ്ണവും കുറവല്ല. സംസ്കൃത ഗ്രന്ഥങ്ങളിൽ നിന്ന് അവർ തിരഞ്ഞുപിടിച്ച് ഉദ്ധരിക്കുന്നത് പഴം പുരാണങ്ങളെല്ലാം അറുപിന്തിരിപ്പനും അന്ധവിശ്വാസ ജഡിലവുമാണ് എന്ന തരത്തിലുള്ള അടഞ്ഞ വ്യാഖ്യാനങ്ങൾക്ക് മാത്രമായിട്ടാണ്.

ഉപനിഷത്തുകളിലും മറ്റും ചരാചര ഐക്യത്തിന്റെ പ്രപഞ്ചവിശാലമായ മഹാസൂക്തങ്ങളുണ്ട്. പക്ഷെ സ്വയം ബ്രാൻഡായി കരുതുന്ന ഒരു പുരോഗമനവാദിയും അബദ്ധത്തിൽപ്പോലും ഉദ്ധരിക്കുകയോ ഉച്ചരിക്കുകയോ ചെയ്യാറില്ല. ഈ വിധത്തിൽ ഒരുപക്ഷത്ത് അന്ധമായ സ്വീകാര്യത. മറുപക്ഷത്ത് അന്ധമായ നിരാസം, അമ്പേയുള്ള തമസ്കരണം. ഒന്നുകിൽ സാമ്പ്രദായിക ഭക്തിയുടെ ചിന്താശൂന്യമായ ഉന്മാദം. അല്ലെങ്കിൽ ഭാവനാശൂന്യമായ വരട്ടുവാദം.

സാന്ദർഭികമായി പെരുന്തച്ചൻ 'കൗശുകീയ'ത്തെ ഉദ്ധരിക്കുന്നത് ലേഖകൻ പരാമർശിക്കുന്നുണ്ട്. മഴുകൊണ്ട് ഇല്ലാതായിത്തീരുന്ന ഒരു നാട്ടിൽ ആ കൗശുകീയത്തിന്റെ കഥ ഓരോ ഇന്ത്യാക്കാരനെയും ചെറുപ്പത്തിലേ പഠിപ്പിക്കേണ്ടതായിരുന്നില്ലേ. മറിച്ച് എം.ടിയുടെ 'പെരുന്തച്ചനി'ലൂടെയാണ് ഞാനടക്കമുള്ള ബഹുഭൂരിപക്ഷവും കൗശുകീയം എന്ന് കേൾക്കുന്നതുതന്നെ. അതേസമയം പുരമുകളിൽ നിന്ന് വീതുളി താഴേയ്ക്കിട്ട് തച്ചൻ മകനെ കൊന്നു എന്ന് നമ്മൾ ക്ലാസ് മുറികളിൽ പഠിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

'അല്ലെയോ ഭൂമി എന്റെ പാദസ്പർശം ക്ഷമിച്ചാലും' (പാദസ്പർശം ക്ഷമസ്വമേ) എന്ന വാക്യത്തിലുൾച്ചേർന്ന വിനയത്തിന്റെ പാരിസ്ഥിതിക സാരാംശം, മനുഷ്യർ ചവിട്ടുന്നിടത്തൊക്കെ ഭൂമികരിഞ്ഞുപോകുന്ന ഇക്കാലത്ത് പോലും പുരോഗമനപരമായി കാണാൻ നമുക്ക് ധൈര്യമുണ്ടാകുമോ? ഉപനിഷത്തുകളൊന്നുമില്ലാതെ പടിഞ്ഞാറൻ നാടുകളിലെ പിള്ളമാർ ചൊറിഞ്ഞുതുടങ്ങിയപ്പോഴെങ്കിലും അറിഞ്ഞുതുടങ്ങിയതിന്റെ ഫലമാണ് 'പാരിസ്ഥിതിക പാദമുദ്രകൾ' എന്ന ആശയം.

'ഇതൊന്നുമേ എന്റെയല്ല' (ഇദം നമമ) എന്ന ഉപനിഷദ് ദർശനവും സ്വകാര്യസ്വത്ത് എന്നത് ചൂഷണമാണെന്ന മാർക്സിയൻ വീക്ഷണവും ഒന്നുതന്നെയെന്ന സത്യം ഇക്കാലം വരെ ഒരു ഗവേഷണ പ്രബന്ധത്തിന്റെയും വിഷയമായിട്ടില്ല. സകലർക്കും സകലതിനും സുഖം ഭവിക്കട്ടെ (ലോകാ സമസ്താ സുഖിനോ ഭവന്തു), ലോകമോ തറവാട് (വസുധൈവ കുടുംബകം) എന്നിങ്ങനെയുള്ള ദർശനങ്ങളുടെ അതിരില്ലാത്ത വീക്ഷണവിശാലതയും സ്നേഹസാരവും ഉൾക്കൊണ്ടുകൊണ്ടുള്ള കിഴക്കിന്റേതായ ഒരു മതാതീത വിദ്യാഭ്യാസ പദ്ധതി നമുക്കിന്നോളം ഉരുത്തിരിച്ചെടുക്കാനായില്ല. ചായങ്ങൾ പലതും മാറിമാറി അടിക്കുന്നുണ്ടെങ്കിലും മെക്കാളെയുടെ ദർശനം തന്നെയാണ് ഇപ്പോഴും നമ്മുടെ വിദ്യഭ്യാസ പദ്ധതിയുടെ പ്രബലത (റീ ഇൻഫോഴ്സ്മെന്റ്). അതുകൊണ്ടുതന്നെയാവണം ആ ബലിഷ്ഠത ഭേദിച്ചുകൊണ്ട്, ഉപനിഷദ് ദർശനങ്ങളിലും കൗശുകീയത്തിലും വൃക്ഷായുർവേദത്തിലും കൃഷിഗീതിയിലും ജ്ഞാനവാസിഷ്ഠത്തിലും ചാർവാക ദർശനത്തിലും ഉള്ളടങ്ങിയ യുക്തിവിചാരങ്ങളെയും ജ്ഞാസാരങ്ങളെയും കണ്ടെടുത്ത് ജനകീയമാക്കാൻ നമുക്കിന്നോളം കഴിയാതെ പോയത്.

**സി. രാജഗോപാലൻ, പള്ളിപ്പുറം**